കെ.സി ജലീൽ പുളിക്കൽ

# ശപിക്കപ്പെട്ട കൈക്കൂലി

عن ثوْبان رضي اللهُ عنه قَالَ رَسُولُ اللَّهِ صلى الله عليه وسلم : لَعَنَ اللَّهُ الرَّاشِيَ وَالْمُرْتَشِي وَالرَّائِشَ بَيْنَهُمَا (أحمد)

**സൗബാനിൽനിന്ന്. നബി(സ) പറഞ്ഞു: കൈക്കൂലി കൊടുക്കുന്നവനെയും വാങ്ങുന്നവനെയും അവർക്കിടയിലെ മധ്യവർത്തിയെയും അല്ലാഹു ശപിച്ചിരിക്കുന്നു (അഹ്മദ്).**

'അല്ലാഹു ശപിച്ചിരിക്കുന്നു' എന്നു കേൾക്കുമ്പോൾ തന്നെ വിശ്വാസി വിറച്ചുപോകാം. ശപിക്കപ്പെട്ട പിശാചിൽനിന്ന് നിരന്തരം അല്ലാഹുവിൽ അഭയം തേടുന്ന സത്യവിശ്വാസിക്കെങ്ങനെയാണ് അല്ലാഹുവിന്റെ ശാപത്തിനിരയാകുന്നത് സഹിക്കാനാവുക? ഈ നബിവചനത്തിലാകട്ടെ കൈക്കൂലി വാങ്ങുന്നവനെ മാത്രമല്ല, അത് കൊടുക്കുന്നവനെയും ഇടനിലക്കാരനെയും അല്ലാഹു ശപിച്ചിരിക്കുന്നു എന്നാണ് പറയുന്നത്. അപ്പോൾ ഈ പാപത്തിന്റെ ഗൗരവം അനേക മടങ്ങ് വർധിക്കുകയാണ്.

കൈക്കൂലി ഏറെ ദുഷിച്ച അധർമമാണെന്നതിൽ ആർക്കും രണ്ടഭിപ്രായമില്ല. അതിനെ കർശനമായി നിരോധിക്കാത്ത രാഷ്ട്രമോ സമൂഹമോ ഇല്ല. അതേസമയം കൈക്കൂലിയിൽനിന്ന് മുക്തമായ രാഷ്ട്രങ്ങളോ സമൂഹങ്ങളോ ഇല്ല എന്നതും യാഥാർഥ്യമാണ്. എത്ര നിസ്സാര കാര്യവും സാധിച്ചുകിട്ടാൻ കൈക്കൂലി കൊടുത്തേ തീരൂ എന്നതാണവസ്ഥ. കൈക്കൂലി കൊടുത്തില്ലെങ്കിൽ കാര്യങ്ങൾ അനിശ്ചിതമായി നീളും, അല്ലെങ്കിൽ തീരെ നടന്നില്ലെന്നും വരും. അതിനാൽ കൈക്കൂലി കൊടുക്കുക മാത്രമേ നിർവാഹമുള്ളൂ. അങ്ങനെ കൈക്കൂലി സാർവത്രികമായി. അതിനാൽ തികച്ചും അർഹതപ്പെട്ട ഒരു പ്രശ്നവുമില്ലാത്ത കാര്യങ്ങൾക്കും കൈക്കൂലി കൊടുത്തേ പറ്റൂ എന്നതാണവസ്ഥ.

തികച്ചും അന്യായമായത് കൈക്കലാക്കാൻ നടത്തുന്ന അഴിമതിയും കൈക്കൂലിയും ഉന്നതതലം മുതൽ താഴെതലം വരെ വ്യാപകമാണ്. ദിനേനയെന്നോണം വളർന്നുവരുന്ന അഴിമതിക്കും കൈക്കൂലിക്കും മുമ്പിൽ ലോകം നിസ്സഹായതയോടെ പകച്ചുനിൽക്കുകയാണ്. കൈക്കൂലിയും അഴിമതിയും തടയാൻ ബാധ്യസ്ഥരായ ഉന്നത ഭരണാധികാരികൾ തന്നെ അഴിമതിയുടെയും കൈക്കൂലിയുടെയും അപ്പോസ്തലന്മാരായാലോ? ഇതാണ് ഏറ്റവും വലിയ നിസ്സഹായാവസ്ഥ. വിദ്യാഭ്യാസ രംഗം മുതൽ വിവിധ ക്ഷേമ പദ്ധതികൾ വരെ എല്ലാ രംഗങ്ങളും കൈക്കൂലിയുടെ നീരാളിപ്പിടിത്തത്തിലാണ്.

ഇവിടെയാണ് പ്രവാചക വചനത്തിന്റെ പ്രസക്തി. അതീവ ഗൗരവമുള്ള ഈ വചനമുൾക്കൊണ്ട സത്യവിശ്വാസികളുടെ സമൂഹത്തിന് കൈക്കൂലിയെപ്പറ്റി ചിന്തിക്കാൻ പോലും സാധിച്ചിരുന്നില്ലെന്നതിന് ചരിത്രം സാക്ഷിയാണ്. മാത്രമല്ല, പ്രവാചകന്റെ വിയോഗാനന്തരവും ഏറെക്കാലം ഇസ്ലാമിക രാഷ്ട്രത്തിലേക്കോ സമൂഹത്തിലേക്കോ കൈക്കൂലി കടന്നുവന്നിട്ടേയില്ല. വിശ്വാസികളെ എക്കാലവും നിയന്ത്രിക്കാൻ ഈ നബിവചനം പര്യാപ്തമാണ്.

കൈക്കൂലി വാങ്ങുന്നവനെയും കൊടുക്കുന്നവനെയും ഇടനിലക്കാരനെയും ഒരുപോലെ ശപിച്ചിരിക്കുന്നു എന്നാണ് നബിവചനത്തിൽനിന്ന് മനസ്സിലാവുക. പലരെയും കൈക്കൂലിക്കാരാക്കുന്നതു തന്നെ കൈക്കൂലി നൽകുന്നവരാണ്. മടിച്ചുനിൽക്കുന്നവരെപ്പോലും നിർബന്ധിച്ച് വാങ്ങിപ്പിക്കുന്നവർ പൊതുജനങ്ങളിലുണ്ട്. ഒരിക്കലും കൈക്കൂലി നൽകില്ലെന്ന് പൊതുജനം തീരുമാനിച്ചാൽ തന്നെ കൈക്കൂലി ഏറക്കുറെ ഇല്ലാതാക്കാം. ഇടനിലക്കാരാകട്ടെ കൈക്കൂലിയുടെ പ്രചാരകരും. ബ്രോക്കർമാർക്ക് സ്ത്രീധനരഹിത വിവാഹത്തോട് അസ്കൃത ഉള്ളതു പോലെ, കൈക്കൂലിരഹിത ഇടപാടുകളെ ഇടനിലക്കാർ വെച്ചു പൊറുപ്പിക്കില്ല. അതിനാൽ കൈക്കൂലിയുടെ ഈ മൂന്ന് ഘടകങ്ങളും ഒന്നിനൊന്ന് മാരകവും കുറ്റകരവുമാണ്.

അതത് കാലത്തെ സാമൂഹിക തിന്മകളെ ശക്തമായി എതിർത്തുകൊണ്ടാണല്ലോ പ്രവാചകന്മാർ രംഗത്തുവന്നത്. അന്ത്യപ്രവാചകനും വിശുദ്ധ ഖുർആനിന്റെ പിൻബലത്തോടെ അതുതന്നെയാണ് ചെയ്തത്. അധികാരമോ സ്വാധീനമോ ലഭിക്കാനൊന്നും ഇക്കാര്യത്തിൽ അവർ കാത്തുനിന്നിട്ടില്ല. അതിനാൽ ഇക്കാലത്തെ വൻ സാമൂഹിക തിന്മയും വിപത്തുമായിക്കഴിഞ്ഞ കൈക്കൂലിക്കും അഴിമതിക്കുമെതിരെ ശക്തമായി രംഗത്തുവരേണ്ടത് ഇസ്ലാമിക സമൂഹത്തിന്റെയും ഇസ്ലാമിക പ്രവർത്തകരുടെയും ബാധ്യതയാണ്.

ഇതിന്നാദ്യമായി വേണ്ടത് ഈ മഹദ് വചനത്തെ ഇസ്ലാമിക സമൂഹവും ഇസ്ലാമിക പ്രവർത്തകരും ഗൗരവത്തിലുൾക്കൊള്ളുകയാണ്. കൈക്കൂലിയുടെ മൂന്നു ഘടകങ്ങളെയും ഏത് പരിതഃസ്ഥിതിയിലും പൂർണമായും ഉപേക്ഷിക്കാൻ ഇസ്ലാമിക സമൂഹത്തിന് സാധിക്കണം. അല്ലാഹു ശപിച്ച കൈക്കൂലിയെ എങ്ങനെ ലാഘവത്തോടെ കാണാനാകും? ജോലിസ്ഥിരതയുടെ പേരിൽ കൈക്കൂലി നൽകുകയും ഈ വൻ സാമൂഹിക വിപത്തിനു മുമ്പിൽ നിസ്സംഗത പുലർത്തുകയും ചെയ്യുന്നവർ നബിചര്യയെയാണ് അവഗണിക്കുന്നത്. ●